ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം

66(1542) ശ്രീ. ടി. എം. ജേക്കബ്:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ഏജൻസികളെ പരസ്യ പ്രചാരണത്തിന് നിയോഗിച്ചത് സംബന്ധിച്ച ഏജൻസികളുടെ പ്രവർത്തനം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഡിറ്റ് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. അക്കൗണ്ടന്റ് ജനറലിലന്റെ പരാമർശങ്ങളിൽ ടൂറിസം ഡയറക്ടറുടെ മറുപടി ലഭിച്ചശേഷം ഇക്കാര്യത്തിൽ നിയമങ്ങളും തത്വങ്ങളും പാലിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്.

പുതുതായി നിർമ്മിക്കുന്ന ടൂറിസ്റ്റ് റിസോർട്ടുകൾ

67(1543) ശ്രീ. സി. ടി. അഹമ്മദ് അലി:

ശ്രീ. യു. സി. രാമൻ:

ശ്രീ. ടി. പി. എം. സാഹിർ:

ശ്രീ. കെ. എൻ. കെ. ഖാദർ:

ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ ടൂറിസ്റ്റ് റിസോർട്ടുകൾ നിർമ്മിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഇവയുടെ പണികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും ടൂറിസം വകുപ്പിന്റെ അനുമതി ആവശ്യമില്ലാത്തതിനാൽ സ്വകാര്യ റിസോർട്ടുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. എന്നാൽ പഞ്ചനക്ഷത്ര ഡീലക്സ് ഹോട്ടലുകൾ സ്ഥാപിക്കുന്നതിനായി പാട്ടവ്യവസ്ഥയിൽ സ്വകാര്യ സംരഭകർക്കായി കൈമാറിയ ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്തെ അജാനൂർ, പള്ളിക്കര, ചെമ്മനാട് എന്നീ പഞ്ചായത്തുകളിൽ ഒന്നു വീതവും ഉദുമ പഞ്ചായത്തിലെ രണ്ട് റിസോർട്ടുകളുടെയും പണി 2006-2007 ടൂറിസം സീസണിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വിനോദസഞ്ചാരമേഖലയിലെ തൊഴിൽ സാദ്ധ്യത

68(1544) ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. വർക്കല കഹാർ:

ശ്രീ. ബി. വിജയകുമാർ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം രംഗത്ത് എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്;

(ബി) ടൂറിസം മുഖേന 2005-2006-ൽ ഇതുവരെ സംസ്ഥാനനത്ത് എന്ത് വരവുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2003-ൽ 7,88,600 പേർക്ക് ടൂറിസം രംഗത്ത് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും 2013-ാം ആണ്ട് ആകുമ്പോഴേക്കും 2221370 പേർക്ക് ഈ മേഖലയിൽ തൊഴിൽ കൊടുക്കാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു.

(ബി) ഇതു സംബന്ധിച്ച കണക്കുകൾ കണക്കാക്കി വരുന്നതേയുള്ളൂ. ആയതിനാൽ ശേഖരിച്ചു നൽകുന്നതാണ്.

വേമ്പനാട് കായൽ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

69(1547) ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പത്തിനപരിപാടിയിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം അനന്തസാധ്യതയുള്ള വിനോദസഞ്ചാര മേഖലയിൽ വേമ്പനാട് കായൽ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly